ഇതനുസരിച്ച് മേൽപ്പറഞ്ഞ പദ്ധതി പ്രകാരം നാളിതുവരെയായി റബർ സംഭരണം, കൊപ്ര ഡ്രയർ സ്ഥാപിക്കൽ, അടയ്ക്ക സംഭരണം, നെല്ലു സംഭരണം, നെൽകൃഷിക്കുള്ള പ്രൊഡക്ഷൻ ബോണസ്, ഇഞ്ചി, കാപ്പി, കുരുമുളക് എന്നിവയ്ക്ക് മൊത്തം 41.67 കോടി രൂപ ചെലവഴിച്ചു.

2. വരൾച്ച കാരണം സാമ്പത്തിക പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുവാൻ കൃഷി നാശത്തിനുള്ള കോമ്പൻസേഷൻ നൽകി വരുന്നു. നാളിതുവരെയായി സംസ്ഥാനത്തൊട്ടാകെ 27.57 കോടി രൂപ വിതരണം ചെയ്തു.

3. ഹ്രസ്വകാല വായ്പകൾ, മദ്ധ്യകാല വായ്പകളായി മാറ്റുന്ന നടപടികൾ ആരംഭിക്കുകയും ദീർഘകാല വായ്പകളുടെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

4. കാർഷിക വായ്പകൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മോറട്ടോറിയം കാലാവധിയിൽ പലിശയും പിഴപലിശയും ഈടാക്കുന്നതിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. അതിനുപുറമേ, പ്രസ്തുത കാലാവധിക്ക് ശേഷം വായ്പതുക യുക്തിസഹമായ രീതിയിൽ റീഷെഡ്യൂൾ ചെയ്യുന്നതാണ്.

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർക്കെതിരെയുള്ള പരാതി

119 [415] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ സർക്കാർ സ്ഥാപനങ്ങളിൽ ഏതെങ്കിലും സ്ഥാനം വഹിക്കുന്നതിൽ നിന്നും വിലക്കിയിട്ടുള്ള കോടതി ഉത്തരവുകൾ നിലവിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വന്ന പത്ര വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

സമാശ്വാസ തൊഴിൽദാന പദ്ധതി

120 [416] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷനിൽ നിലവിൽ ജോലി ലഭിക്കേണ്ടവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly